©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 9th June 2010<br>2010 ജൂൺ 9<br>19th Jyaishta 1932<br>1932 ജ്യേഷ്ഠം 19 | No.<br>നമ്പർ | 1311 |


# കേരള സർക്കാർ

## തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (പി) നമ്പർ 116/2010/തസ്വഭവ. *തിരുവനന്തപുരം, 2010 ജൂൺ 9.*

**എസ്. ആർ. ഒ. നമ്പർ 566/2010.**—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും 1994 ഏപ്രിൽ 22-ാം തീയതിയിലെ സ.ഉ.(എംഎസ്.) 91/94/എൽഎഡി ആയി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 478/94 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ടും കേരള സർക്കാർ 2010 ഒക്ടോബർ 1-ാം തീയതി പ്രാബല്യത്തിൽ വരത്തക്കവിധം താഴെ പട്ടികയിലെ (1)-ാം കോളത്തിൽ പറയുന്ന ജില്ലകളിൽ (2)-ാം കോളത്തിൽ പറയുന്ന ചെറിയ നഗര പ്രദേശങ്ങൾക്ക് (4)-ാം കോളത്തിൽ പറയുന്ന സ്ഥലം ആസ്ഥാനമാക്കി (3)-ാം കോളത്തിൽ പറയുന്ന പേരിൽ മുനിസിപ്പൽ കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010.

33/2313/2010/DTP.

പട്ടിക

| ജില്ല | ചെറിയ നഗര പ്രദേശത്തിന്റെ വിവരണം | പുതുതായി രൂപീകരിക്കുന്ന മുനിസിപ്പൽ കൗൺസിലിന്റെ പേര് | പുതുതായി രൂപീകരിക്കുന്ന മുനിസിപ്പാലിറ്റിയുടെ ആസ്ഥാനം |
|---|---|---|---|
| (1) | (2) | (3) | (4) |
| കൊല്ലം | കരുനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത് | കരുനാഗപ്പള്ളി | കരുനാഗപ്പള്ളി |
| എറണാകുളം | തൃക്കാക്കര ഗ്രാമ പഞ്ചായത്ത് | തൃക്കാക്കര | കാക്കനാട് |
| എറണാകുളം | ഏലൂർ ഗ്രാമ പഞ്ചായത്ത് | ഏലൂർ | ഉദ്യോഗമണ്ഡൽ |
| എറണാകുളം | മരട് ഗ്രാമ പഞ്ചായത്ത് | മരട് | മരട് |
| മലപ്പുറം | കോട്ടയ്ക്കൽ ഗ്രാമ പഞ്ചായത്ത് | കോട്ടയ്ക്കൽ | കോട്ടയ്ക്കൽ |
| മലപ്പുറം | നിലമ്പൂർ ഗ്രാമ പഞ്ചായത്ത് | നിലമ്പൂർ | നിലമ്പൂർ |
| കാസർഗോഡ് | നീലേശ്വരം ഗ്രാമ പഞ്ചായത്ത് | നീലേശ്വരം | നീലേശ്വരം |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. എം. വിജയാനന്ദ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കരുനാഗപ്പള്ളി, തൃക്കാക്കര, ഏലൂർ, മരട്, കോട്ടയ്ക്കൽ, നിലമ്പൂർ, നീലേശ്വരം എന്നീ ചെറിയ നഗര പ്രദേശങ്ങൾക്ക് ഓരോ മുനിസിപ്പൽ കൗൺസിലുകൾ 2010 ഒക്ടോബർ 1-ാം തീയതി പ്രാബല്യത്തിൽ വരത്തക്കവിധം രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.